ഭരണഭാഷ- മാതൃഭാഷ

# കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - 2018 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ വരെയുള്ള വിവിധ ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണത്തിനുള്ള തുക അനുവദിച്ച ഉത്തരവ് പരിഷ്കരിച്ച് ഉത്തരവാകുന്നു. .

**ധനകാര്യ (എസ്.എഫ്.സി. സെൽ – ബി) വകുപ്പ്**

**സ.ഉ.(സാധ) നം. 9956 /2018/ധന. തീയതി, തിരുവനന്തപുരം, 04/12/2018**

പരാമർശം :- 1) സ.ഉ (സാധാ) നം.9666/2018/ധന തീയതി 24/11/2018
2) ലേബർ കമ്മീഷണറുടെ 22/11/2018 ലെ ഡബ്ല്യൂ (1)/5189/2018 നമ്പർ കത്ത്.
3) കേരള ക്ഷീര കർഷക ക്ഷേമനിധി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 24/11/2018 ലെ കെ ഡി എഫ് ഡബ്ല്യൂ എഫ്/2225/18 നമ്പർ കത്ത്.

## ഉത്തരവ്

സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകൾക്ക് 2018 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ വരെയുള്ള നാല് മാസത്തെ പെൻഷൻ വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയായ 248,66,51,434/- (ഇരുന്നൂറ്റി നാല്പത്തിയെട്ടു കോടി അറുപത്തിയാറു ലക്ഷത്തി അൻപത്തിയൊന്നായിരത്തി നാനൂറ്റി മുപ്പത്തി നാല്ല രൂപ മാത്രം) പരാമർശം ഒന്നു പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ പരാമർശം രണ്ടിലെ ലേബർ കമ്മീഷണറുടെ കത്ത് പ്രകാരം അസംഘടിത തൊഴിലാളി (റിട്ടയേർഡ്) പെൻഷൻ ബോർഡിന് നാല് മാസത്തെ പെൻഷൻ വിതരണം ചെയ്യുന്നതിന് 2,91,57,185/- രൂപ ആവശ്യമാണെന്ന് അറിയിച്ചിട്ടുണ്ട്. പെൻഷൻ നൽകുന്നതിനായി പരാമർശം ഒന്നിലെ ഉത്തരവു പ്രകാരം ക്ഷീര കർഷക ക്ഷേമനിധി ബോർഡിന് അനുവദിച്ചിട്ടുള്ള പ്രതിമാസം 550/- രൂപ നിരക്കിലുള്ള തുക അപര്യാപ്തമാണെന്നും ടി തുക പ്രതിമാസം 800/- രൂപ നിരക്കിലെങ്കിലും സർക്കാരിൽ നിന്നും ലഭ്യമാക്കണമെന്നും പരാമർശം 3 പ്രകാരം കേരള ക്ഷീര കർഷക ക്ഷേമനിധി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകൾക്ക് 2018 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ വരെയുള്ള നാലുമാസത്തെ പെൻഷൻ വിതരണം ചെയ്യുന്നതിന് അധികമായി

4,34,03,485/- (നാല് കോടി മുപ്പത്തിനാല് ലക്ഷത്തി മുവായിരത്തി നാന്നൂറ്റി എൺപത്തി അഞ്ച് രൂപ മാത്രം) അനുവദിക്കുകയും ഇതുവഴി അനുവദിക്കുന്ന മൊത്തം പെൻഷൻ തുക 253,00,54,919/- രൂപയായി (ഇരുന്നൂറ്റി അൻപത്തിമൂന്ന് കോടി അൻപത്തിനാലായിരത്തി തൊള്ളായിരത്തി പത്തൊൻപത് രൂപ മാത്രം) ഉയർത്തിയും ഉത്തരവാകുന്നു. പരാമർശം ഒന്നു പ്രകാരമുള്ള ഉത്തരവിലെ അനുബന്ധത്തിലെ ക്രമ നമ്പർ 2 ഉം 16 ഉം താഴെപ്പറയുംവിധം പരിഷ്കരിച്ചും ഉത്തരവാകുന്നു.

| ക്രമ നം | ക്ഷേമനിധി ബോർഡ് | പെൻഷനേഴ്സിന്റെ എണ്ണം | ആഗസ്റ്റ് 2018 | സെപ്റ്റംബർ 2018 | ഒക്ടോബർ 2018 | നവംബർ 2018 | ആകെ തുക | കൈവശമുള്ള തുക | അനുവദിക്കാവുന്ന തുക |
|---|---|---|---|---|---|---|---|---|---|
| 2 | ക്ഷീര കർഷക ക്ഷേമ നിധി | 56738 | 44953600 | 45275200 | 45390400 | 45390400 | 181009600 | 0 | 181009600 |
| 16 | അസംഘടിത തൊഴിലാളി (റിട്ടയേർഡ്) പെൻഷൻ ബോർഡ് | 10185 | 11203500 | 11203500 | 11203500 | 11203500 | 44814000 | 15851525 | 29157185 |

3. പരാമർശത്തിലെ സർക്കാർ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്യിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ .ബി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും.
ലേബർ, കൃഷി, നികുതി, വ്യവസായ വകുപ്പുകൾക്ക്.
ധനകാര്യ (ബജറ്റ്/ലേബർ/കൃഷി/എക്സ്പെൻഡിച്ചർ/ഇൻഡസ്ട്രീസ് & പി ഡബ്ല്യൂ ഡി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ